**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1430** **14-03-2022 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിലെ വിവിധ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഓഫീസുകളിൽ ജനങ്ങൾ നൽകുന്ന അപേക്ഷകൾ സ്വീകരിച്ച്, രജിസ്റ്റർ ചെയ്ത്, രസീത് നൽകി തുടർ നടപടികൾ സ്വീകരിക്കാനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ റവന്യൂ വകുപ്പിൽ ഉള്ളതെന്നും അവയുടെ പ്രവർത്തനം എപ്രകാരമാണെന്നും വ്യക്തമാക്കുമോ; | (എ) | പൊതുജനങ്ങളിൽ നിന്ന് നേരിട്ടും തപാൽ വഴിയും കളക്ടറേറ്റുകളിലും റവന്യൂ ഡിവിഷണൽ ഓഫീസുകളിലും താലൂക്കാഫീസുകളിലും വില്ലേജാഫീസുകളിലും ലഭിക്കുന്ന അപേക്ഷകൾ സ്വീകരിച്ച് രജിസ്റ്റർ ചെയ്ത് രസീത് നൽകി വരുന്നു. സ്വീകരിച്ച അപേക്ഷകൾ ഇ-ഓഫീസ് സംവിധാനത്തിന്റെ സഹായത്തോടെ ഉടൻ തന്നെ സ്കാൻ ചെയ്ത് ബന്ധപ്പെട്ട സെക്ഷനിലേയ്ക്ക് അയക്കുകയും കാലതാമസം കൂടാതെ അപേക്ഷകളിൽ നടപടി സ്വീകരിക്കുകയും വിവരം അപേക്ഷകനെ അറിയിക്കുകയും ചെയ്യുന്നു. കൂടാതെ സർക്കാർ തലത്തിൽ ബഹു.മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സംവിധാനം, റവന്യൂ മിത്രം എന്നിവയുൾപ്പെടെയുള്ള ഓൺലൈൻ സംവിധാനങ്ങളിലൂടെയും കളക്ടറ്റുകളിലെ പൊതുജനപരാതി പരിഹാര സെൽ മുഖേനയും ലഭിക്കുന്ന അപേക്ഷകളിന്മേലും കൈപ്പറ്റ് രസീത് നൽകുന്നു. ടി അപേക്ഷകളിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ബന്ധപ്പെട്ട സെക്ഷനിൽ നിന്ന് രേഖാമൂലം സമയബന്ധിതമായി മറുപടി നൽകുന്നു. |
| (ബി) | ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന റവന്യൂ വകുപ്പിൽ സമയബന്ധിതമായി അപേക്ഷകൾ സ്വീകരിക്കുന്നതിനും നടപടികൾ കൈക്കൊള്ളുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | റവന്യൂ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ നേരിട്ട് അപേക്ഷകൾ സ്വീകരിച്ച് സമയബന്ധിതമായി നടപടി സ്വീകരിച്ചു വരുന്നു. കളക്ടറേറ്റ്/ആർ.ഡി.ഒ/ താലൂക്ക്/മറ്റ് സബ് ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രതിമാസ ഫയൽ അദാലത്ത് നടത്തി ധാരാളം കുടിശ്ശിക ഫയലുകൾ തീർപ്പാക്കി വരുന്നു. കൂടാതെ റവന്യൂ മിത്രം പോർട്ടൽ, കോൾ സെന്റർ എന്നീ സംവിധാനങ്ങൾ മുഖേന ലഭിക്കുന്ന അപേക്ഷകളിലും സമയബന്ധിത നടപടി സ്വീകരിച്ച് വരുന്നു. പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്നഅപേക്ഷകളുടെ തീർപ്പാക്കൽ ജില്ലാ കാര്യാലയത്തിലെ നോഡൽ ഓഫീസറുടെ അധ്യക്ഷതയിൽ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ |

| | | | |
|---|---|---|---|
| | | | നോഡൽ ഓഫീസർമാരുടെ ഓൺലൈൻ അവലോകന യോഗം കളക്ടറേറ്റുകളിൽ എല്ലാ മാസവും ചേരുകയും അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. |
| (സി) | വകുപ്പിൽ കഴിഞ്ഞ പത്തുവർഷക്കാലയളവിൽ സ്വീകരിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാകാത്ത ഫയലുകളെ സംബന്ധിച്ച വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (സി) | വിശദാംശങ്ങൾ പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു. ക്രമ നമ്പർ ജില്ല തീർപ്പാക്കാത്ത ഫയലുകളുടെ എണ്ണം 1. തിരുവനന്തപുരം 44885 2. കൊല്ലം 43674 3. പത്തനംതിട്ട 54017 4. ആലപ്പുഴ 64570 5. കോട്ടയം 43284 6. ഇടുക്കി 69438 7. എറണാകുളം 19412 8. തൃശ്ശൂർ 56343 9. പാലക്കാട് 233637 10. മലപ്പുറം 14085 11. കോഴിക്കോട് 1064 12. വയനാട് 8040 13. കണ്ണൂർ 20170 14. കാസർഗോഡ് 3326 ആകെ - 6,75,945 |
| (ഡി) | മേൽപ്പറഞ്ഞ കാലയളവിൽ കൈക്കൂലി സംബന്ധിച്ച് രജിസ്റ്റർ ചെയ്ത പരാതികളെപ്പറ്റിയും നടപടിക്ക് വിധേയരായ ഉദ്യോഗസ്ഥരെ സംബന്ധിച്ചുമുള്ള വിശദാംശം ജില്ല തിരിച്ച് നൽകുമോ? | (ഡി) | റവന്യൂ വകുപ്പിൽ കഴിഞ്ഞ പത്തുവർഷക്കാലങ്ങളിലായി കൈക്കൂലി സംബന്ധിച്ച് രജിസ്റ്റർ ചെയ്ത പരാതികളെപ്പറ്റിയും നടപടിക്ക് വിധേയരായ ഉദ്യോഗസ്ഥരെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ